**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് – പതിനൊന്നാംപദ്ധതി ജനകീയാസൂത്രണം – 2008–09 വാർഷിക പദ്ധതിയും രണ്ടാംഘട്ട പ്രോജക്ടുകളും സമർപ്പിക്കുന്നതിനുള്ള അവസാന തീയതി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ(സാധാ).2912/2008/തസ്വഭവ തിരുവനന്തപുരം, തീയതി: 25.07.2008

പരാമർശം: 26.06.2008–ലെ സ.ഉ. (സാധാ).1808/2008/ തസ്വഭവ നമ്പർ ഉത്തരവ്

**ഉത്തരവ്**

തദ്ദേശഭരണസ്ഥാപനങ്ങളുടെ 2008–09 വാർഷിക പദ്ധതിയും രണ്ടാംഘട്ട പ്രോജക്ടുകളും അന്തിമമാക്കി 2008 ജൂലൈ 21–നകം ബന്ധപ്പെട്ട ടെക്നിക്കൽ അഡ്വൈസറി ഗ്രൂപ്പുകൾക്ക് സമർപ്പിക്കണമെന്ന് പരാമർശത്തിലെ ഉത്തരവ് പ്രകാരം നിർദ്ദേശം നൽകിയിരുന്നു. ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകളുടെയും മുനിസിപ്പാലിറ്റി കളുടെയും പദ്ധതിക്ക് ആഗസ്റ്റ് 5–നകവും ജില്ലാ പഞ്ചായത്തിന്റെയും കോർപ്പറേ ഷന്റെയും പദ്ധതിക്ക് ആഗസ്റ്റ് 10–നകവും അംഗീകാരം നൽകുന്ന തരത്തിൽ ജില്ലാ ആസൂത്രണ സമിതികൾ സമയക്രമം നിശ്ചയിക്കണമെന്നും ആ ഉത്തരവിൽ നിർദ്ദേശിച്ചിരുന്നു.

2. രണ്ടാംഘട്ട പ്രോജക്ടുകൾ പുതിയ ഫോറങ്ങളിൽ തയ്യാറാക്കി കമ്പ്യൂട്ടർ ആപ്ലിക്കേഷൻ ഉപയോഗിച്ച് ഡാറ്റാ എൻട്രി പൂർത്തിയാക്കിയതിനുശേഷമാണ് പരിശോധനയ്ക്കായി സമർപ്പിക്കേണ്ടത്. ഫോറങ്ങൾ പരിഷ്കരിച്ചതിന് അനുസൃതമായി കമ്പ്യൂട്ടർ ആപ്ലിക്കേഷൻ തയ്യാറാക്കി വിന്യസിക്കൽ, തദ്ദേശഭരണ സ്ഥാപനങ്ങൾ പദ്ധതി തയ്യാറാക്കൽ മുതലായവ പ്രവർത്തനങ്ങളുടെ പുരോഗതി സർക്കാർ വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ 2008–09 വാർഷിക പദ്ധതിയും രണ്ടാംഘട്ട പ്രോജക്ടുകളും ടെക്നിക്കൽ അഡ്വൈസറി ഗ്രൂപ്പുകൾക്ക് സമർപ്പിക്കുന്നതിനും ജില്ലാ ആസൂത്രണസമിതികൾ അവയ്ക്ക് അംഗീകാരം നൽകുന്നതിനുമുള്ള അവസാന തീയതികൾ ചുവടെ പ്രതിപാദിക്കുന്ന പ്രകാരം ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| | | |
|---|---|---|
| ടി.എ.ജി.ക്ക് പദ്ധതി സമർപ്പിക്കേണ്ട അവസാന തീയതി (എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും) | : | 2008 ആഗസ്റ്റ് – 11 |
| ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകളുടെയും മുനിസിപ്പാലിറ്റി കളുടെയും പദ്ധതിക്ക് അംഗീകാരം നൽകേണ്ട അവസാന തീയതി | : | 2008 ആഗസ്റ്റ് – 25 |
| ജില്ലാ പഞ്ചായത്തുകളുടെയും കോർപ്പറേഷനുകളുടെയും പദ്ധതിക്ക് അംഗീകാരം നൽകേണ്ട അവസാന തീയതി | : | 2008 ആഗസ്റ്റ് – 30 |

3. പരാമർശത്തിലെ സർക്കാർ ഉത്തരവ് ഈ രീതിയിലുള്ള ഭേദഗതികളോടെ നിലനിൽക്കുന്നതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

**എസ്.എം.വിജയാനന്ദ്**

പ്രിൻസിപ്പൽ സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും

4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ മുനിസിപ്പൽ ചെയർപേഴ്സൻമാർക്കും സെക്രട്ടറിമാർക്കും
6. എല്ലാ ജില്ലാആസൂത്രണസമിതി ചെയർപേഴ്സൻമാർക്കും
7. സെക്രട്ടറി, ആസൂത്രണ സാമ്പത്തികകാര്യവകുപ്പ്
8. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
9. പഞ്ചായത്ത് ഡയറക്ടർ
10. ഗ്രാമവികസന കമ്മീഷണർ
11. നഗരകാര്യ ഡയറക്ടർ
12. പബ്ലിക് റിലേഷൻസ് ഡയറക്ടർ (അടിയന്തിര പത്രക്കുറിപ്പിന്)
13. മുഖ്യ നഗരാസൂത്രകൻ
14. ഡയറക്ടർ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ
15. എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ മിഷൻ
16. എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ (തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കു ന്നതിന്)
17. ചീഫ് എൻജിനീയർ, തദ്ദേശസ്വയംഭരണവകുപ്പ്
18. എല്ലാ ടെക്നിക്കൽ അഡ്വൈസറിഗ്രൂപ്പ് ചെയർമാൻമാർക്കും കൺവീനർ മാർക്കും
19. എല്ലാ ജില്ലാ ആസൂത്രണസമിതി മെമ്പർസെക്രട്ടറി(ജില്ലാ കളക്ടർമാർ)മാർക്കും
20. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
21. എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
22. എല്ലാ അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ(ജനറൽ)മാർക്കും
23. നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർമാർക്ക്
24. ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം
25. സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ഓഫീസർ
26. ജനറൽ സെക്രട്ടറി, കേരളഗ്രാമപഞ്ചായത്ത് അസോസിയേഷൻ
27. സെക്രട്ടറി കേരള ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ
28. സെക്രട്ടറി മുൻസിപ്പൽ ചെയർമാൻമാരുടെ ചേംബർ
29. സെക്രട്ടറി ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാരുടെ ചേംബർ
30. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
31. അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

പകർപ്പ്:–

1. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്
3. തദ്ദേശസ്വയംഭരണ ഡി.ബി/ഡി.സി/ഡി.ഡി/എഫ്.എം സെക്ഷനുകൾക്ക്
4. ഓഫീസ് കോപ്പി/കരുതൽ ഫയൽ